**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T*804 24.07.2012-ൽ മറുപടിയ്ക്ക്

# അനധികൃത കരിങ്കൽ ഖനനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ)വ്യാപകമായി നടക്കുന്ന അനധികൃത കരിങ്കൽ ഖനനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ പുറമ്പോക്കുകളിൽ ഖനനം നടക്കുന്നുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഖനനം നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) അനധികൃത കരിങ്കൽ ഖനനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.<br>സർക്കാർ പുറമ്പോക്കുകളിൽ റവന്യൂ വകുപ്പ് ചുരുങ്ങിയ കാലയളവിലേയ്ക്ക് പാറ പൊട്ടിക്കുന്നതിന് ക്വാറിയിംഗ് പെർമിറ്റ് കൊടുത്തു വരുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പ് നൽകുന്ന എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പും പെർമിറ്റ്/ലീസ് നൽകുന്നുണ്ട്.<br>പ്രധാനമായും നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ റബ്ൾ, മെറ്റൽ, പാറമണൽ എന്നിവയ്ക്കായിട്ടാണ് ഖനനം നടന്നു വരുന്നത്. |
| (ബി) ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) അനധികൃത ഖനനം കണ്ടെത്തി ക്കഴിഞ്ഞാൽ ഖനനം ചെയ്ത പാറയുടെ അളവ് കണക്കാക്കി റോയൽറ്റി, പിഴ എന്നിവ ഈടാക്കുകയും ബോധവൽക്കരണത്തിലൂടെ അവരെക്കൊണ്ട് നിയമാനുസൃത പെർമിറ്റ്/ലീസ് എടുപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ അനധികൃത ഖനനം തടയുന്നതിനായി 1998-2000 ലെ നിയമസഭാ പബ്ളിക് അക്കൗണ്ട് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കേരളത്തിൽ എല്ലാ ജില്ലകളിലും മൈനർ മിനറൽ ക്വാറികൾ പരിശോധിച്ച് വിവരം ശേഖരിച്ചു വരുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനധികൃത ഖനനത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി)അനധികൃത ഖനനത്തിന് ക്വാറി മാഫിയകൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഇത്തരം പരാതികൾ പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി)പാറഖനനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർവകക്ഷിയോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗതീരുമാനം എന്തായിരുന്നു; ഇത് നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) പാറഖനനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർതലത്തിൽ സർവകക്ഷി യോഗം വിളിച്ചിരുന്നു. ആ യോഗത്തിലെ തീരുമാനം അനുസരിച്ച് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഹൈപവർ കമ്മിറ്റിയെ കേരളത്തിലെ ക്വാറി, ക്രഷർ മേഖലയിലെ പ്രശ്നങ്ങൾ ക്വാറി, ക്രഷർ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ, ക്വാറി അപകടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ, ക്വാറി, ഖനി വ്യവസായം സംബന്ധിച്ച് സമഗ്രമായ ഒരു നയരൂപീകരണം എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ